# പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

01.12.2014 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.301

## മിഷൻ 676-ലെ "ഊരിനുണർവ്വ് കാടിനുണർവ്വ്" പദ്ധതി

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.എ.മാധവൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) വനം വകുപ്പ് സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി ആദിവാസികളുടെ ഊരുകളുടെ ഉന്നമനത്തിന് "ഊരിനുണർവ്വ് കാടിനുണർവ്വ്" പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ വനം വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1) കൃഷി രക്ഷാ പദ്ധതി - വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള 256 കോടി രൂപയുടെ സംസ്ഥാനതല പദ്ധതി.<br>2) "ഊരിനുണർവ്വ് കാടിനുണർവ്വ്" - ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള വന സൗഹൃദ പദ്ധതി 725 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.<br>3) ജലസമൃദ്ധി - ജലലഭ്യത ഉറപ്പാക്കുന്നതിനു വേണ്ടി 20 കോടി രൂപ ചെലവിൽ 500 തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.<br>4) ഇക്കോ കേഡറ്റ്സ് - പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശ വാഹകരായി വിദ്യാർത്ഥി സമൂഹത്തെ മാറ്റി എടുക്കുന്നതിന്റെ ഭാഗമായി ആയിരത്തോളം വിദ്യാർത്ഥികളെ ചേർത്ത് ഇക്കോ കേഡറ്റ്സ് എന്ന പേരിൽ ഒരു വിദ്യാർത്ഥി സേനയെ വാർത്തെടുക്കുന്ന പദ്ധതി. 25 ലക്ഷം രൂപ ചെലവ് വരും.<br>5) കുരുവിക്കൊരു കൂട് - സംസ്ഥാനവ്യാപകമായി മാദ്ധ്യമ പ്രവർത്തകരുടെ സംഘടനകളും മറ്റു സന്നദ്ധ പ്രവർത്തകരുമായി സഹകരിച്ച് അങ്ങാടി കുരുവികളുടെ സംരക്ഷണത്തിനായുള്ള പദ്ധതി. 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.<br>6) പ്രകൃതിമിത്ര അവാർഡ് - ഓരോ പഞ്ചായത്തിലും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് പഞ്ചായത്ത് തലത്തിൽ 2000/- |

രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പ്രകൃതിമിത്ര അവാർഡ് ഏർപ്പെടുത്തുന്ന പദ്ധതി.

7) Budding Birders – (തുടക്കക്കാരായ പക്ഷി നിരീക്ഷകർ) - വിദ്യാർത്ഥികളിൽ പക്ഷിനിരീക്ഷണത്തിനും, ചിത്രശലഭ നിരീക്ഷണത്തിനും കൗതുകം വളർത്തുന്നതിനായുള്ള 15 ലക്ഷം രൂപയുടെ പദ്ധതി.

8) രക്ഷക്കായി ഒരു വൃക്ഷം - പൊതുജനങ്ങൾക്കായി ഏകദേശം 75 ലക്ഷത്തോളം വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത് 2004-15 വർഷം നടപ്പാക്കി.

9) തൃശ്ശൂർ മൃഗശാലയുടെ ആദ്യഘട്ട ഉദ്ഘാടനം - അന്താരാഷ്ട്ര നിലവാരത്തിലുള്ള തൃശ്ശൂർ മൃഗശാലയുടെ ഉദ്ഘാടനം 2016-ൽ നടത്താനുള്ള പദ്ധതി.

10) അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂൾ നവീനസൗകര്യങ്ങളും കൂടുതൽ സംവിധാനങ്ങളും ഏർപ്പെടുത്തി ഫോറസ്റ്റ് അക്കാഡമി ആക്കുന്ന പദ്ധതി.

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മേൽ പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനു വേണ്ടി വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം 28.05.2014-ലും ഡിവിഷൻ തല ഉദ്യോഗസ്ഥരുടെ ഒരു യോഗം 07.06.2014-ലും വനം വകുപ്പാസ്ഥാനത്ത് കൂടുകയുണ്ടായി. ഈ യോഗങ്ങളുടെ തീരുമാനപ്രകാരം ടി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ഡി) മിഷൻ 676-ൽ പെട്ട പദ്ധതികളിൽ ഫോറസ്റ്റ് അക്കാദമി കേന്ദ്ര സർക്കാരിന്റെ JICA ഫണ്ടുപയോഗിച്ച് നടപ്പാക്കി വരുന്നു. മറ്റ് പദ്ധതികളിൽ കൃഷിരക്ഷാ പദ്ധതി, ഇക്കോകേഡറ്റ്സ്, പ്രകൃതിമിത്രാ അവാർഡ്, കുരുവിക്കൊരു കൂട്, തൃശ്ശൂർ മൃഗശാല എന്നിവയ്ക്ക് ഭരണാനുമതി നൽകി. രക്ഷക്കൊരു വൃക്ഷം പദ്ധതി 2014-15-ൽ നടപ്പാക്കി. "ഊരിനുണർവ്വ് കാടിനുണർവ്വ്" പദ്ധതി നടപ്പാക്കാൻ 60 ലക്ഷം രൂപ വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു. 200 ലക്ഷം രൂപയുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിലേക്ക് ഭരണാനുമതിയ്ക്ക് നൽകിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ.